## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3552 — 12.12.2014 ലെ മറുപടിക്ക്

### അഞ്ച് സെന്റിൽ കുറവുള്ള ഭൂമിയിലെ ഗൃഹനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ഭൂമിയുടെ തരവും അവസ്ഥയും മനസ്സിലാക്കാതെയും നിയമത്തെക്കുറിച്ചുള്ള അജ്ഞതയും കാരണം അഞ്ച് സെന്റിൽ താഴെ ഭൂമി വാങ്ങി ഗൃഹ നിർമ്മാണം തുടങ്ങിയവർ അനുമതി ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) പ്രസ്തുത കേസ്സുകളിൽ മനുഷ്യത്വപരമായ സമീപനം സ്വീകരിച്ച് വീട് നിർമ്മാണത്തിന് എത്രയുംവേഗം അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ? | (എ) & (ബി) ഉണ്ട്. 125 ച.മീറ്ററിൽ കുറവുള്ള സ്ഥലത്ത് നടത്തുന്ന നിർമ്മാണങ്ങൾക്ക് ഇളവുകൾ നൽകുന്നതിന് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കെട്ടിടനിർമ്മാണത്തിനായി സ്ഥലം വാങ്ങുമ്പോഴും, വീടുകൾ, ഫ്ലാറ്റുകൾ, കടമുറികൾ എന്നിവ വാങ്ങുമ്പോഴും പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് 03.11.2007, 27.11.2013 എന്നീ തീയതികളിലെ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പത്രമാധ്യമങ്ങളിലും, തദ്ദേശസ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ